പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

31.10.2019-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1381

## ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൃഷിക്കും താമസത്തിനുമായി അനുവദിച്ച പട്ടയഭൂമിയിൽ ഖനനാനുമതി നൽകുന്നതിനായി ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നതിന് മന്ത്രിസഭാ യോഗം തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ)<br>(ബി) 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിനും കൃഷിക്കും ബെനിഫിഷ്യൽ എൻജോയ്മെന്റിനും വേണ്ടി പതിച്ചു നൽകിയതും കൃഷിക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമിയിൽ നിബന്ധനകൾക്ക് വിധേയമായി ക്വാറിയിംഗ് പ്രവർത്തനത്തിന് അനുമതി നൽകുന്നതിലേക്കായി ടി ചട്ടങ്ങളിലെ ചട്ടം (4)-ൽ ഭേദഗതി വരുത്തുന്നതിന് 05.03.2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയ നിയമോപദേശത്തിന്റെ കൂടെ വെളിച്ചത്തിൽ 1964-ലെ കേരള ഭൂ പതിവ് ചട്ടങ്ങളിലെ ചട്ടം (4) ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 01.08.2019-ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടു വരാൻ നിർദ്ദേശിച്ചു. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. 05.03.2019, 01.08.2019 തീയതികളിലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ പകർപ്പുകൾ അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

(257)

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-03-2019

ഇനം നം: 2930

O.A.

225 വിഷയം : റവന്യു വകുപ്പ് - സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഖനന പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നത് - 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4-ൽ നിലവിലുള്ള ചട്ടം, ഉപചട്ടം 1-ആയി ഭേദഗതി ചെയ്യുകയും അതിനുതാഴെ ഉപചട്ടങ്ങൾ 2-ഉം 3-ഉം ചേർക്കുന്നതും.

S.Rev(P) pl; put up draft

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

6/3/19.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്.
കാർഷികോത്പാദന കമ്മീഷണർ.
പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

2930

OA

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് 2930 05.03.2019

226 സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമായി അനുഭവപ്പെട്ടു വരുന്നുവെന്നും അതുകൊണ്ട് തന്നെ നിർമ്മാണ വസ്തുക്കളുടെ വില വർദ്ധിക്കുന്നതായും നിർമ്മാണ പ്രവർത്തനങ്ങൾ തടസപ്പെട്ടുവരുന്നതായും നിയമസഭയിലടക്കം പരാതികൾ ഉയർന്നുവരുന്നുണ്ട്. 1964 ലെ ഭൂപതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പതിച്ചുനൽകിയ ഭൂമിയിൽ ഖനന പ്രവർത്തനം നടത്തുന്നത് നിലവിൽ നിരോധിച്ചിട്ടുള്ളതും പുതിയ ഖനനാനുമതികൾ നൽകി വരാത്ത സാഹചര്യവും നിലനിൽക്കുന്നു. മേൽ സാഹചര്യത്തിൽ 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നത് ഉചിതമായിരിക്കും. നിലവിൽ പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയ ഭൂമിയിൽ മുൻപ് ഖനനാനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന ഖനന പ്രവർത്തനം ക്രമീകരിക്കേണ്ടതായിട്ടുമുണ്ട്. ഇതേ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഒരു കേസിൽ ബഹു. ഹൈക്കോടതി 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്ന സംഗതിയിൽ അടിയന്തര തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

### തീരുമാനിക്കേണ്ട വിഷയം

227 1. 1964 ലെ കേരളാ ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4 ൽ നിലവിലുള്ള ചട്ടം, ഉപചട്ടം 1 ആയി ഭേദഗതി ചെയ്യുകയും അതിനുതാഴെ ഉപചട്ടങ്ങൾ 2-ഉം 3-ഉം താഴെ പറയുന്ന രീതിയിൽ ചേർക്കാവുന്നതുമാണോ?

*4(2) ജിയോളജിസ്റ്റും കൃഷി ഓഫീസറും വില്ലേജ് ഓഫീസറും ഉൾപ്പെടുന്ന ഒരു കമ്മിറ്റി സ്ഥലം പരിശോധിച്ച് കൃഷിയ്ക്ക് യോഗ്യമല്ലെന്നും ക്വാറിയിംഗ് പ്രവർത്തനത്തിന് യോഗ്യമാണെന്നും റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകുകയും പ്രസ്തുത റിപ്പോർട്ടിൻമേൽ ജില്ലാ കളക്ടർ ഖനനം നടത്തുന്നതിന് നിരാക്ഷേപ പത്രം (NOC) നൽകുന്ന സംഗതിയിൽ പ്രസ്തുത സ്ഥലത്ത് ഖനനം ചെയ്യുന്നതിന് 2015 ലെ കേരളാ മൈനർ മിനറൽ കൺസെഷൻ*

261 (⌀) 275

ചട്ടങ്ങൾപ്രകാരം ബന്ധപ്പെട്ട അധികാരികൾക്ക് ഖനനാനുമതി നൽകാവുന്നതാണ്.

4(3) 1964 ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ നിലവിൽ ഖനനാനുമതി നൽകിയിട്ടുള്ള പ്രദേശങ്ങളിൽ കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്നതനുസരിച്ച് സർക്കാർ ഭൂമിയിൽ നിന്നും ഖനനം ചെയ്യുന്നതിന് ഈടാക്കി വരുന്ന നിരക്കിൽ സീനിയറേജ് സ്വീകരിച്ചുകൊണ്ട് ഖനന പ്രവർത്തനം ക്രമവൽക്കരിക്കപ്പെടാവുന്നതാണ്.

321

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-08-2019

ഫയൽ നം.9551/പി2/2014/റവ. ഇനം നം: 3226

285. **വിഷയം** : റവന്യൂ വകുപ്പ് - 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വീട് വയ്ക്കുന്നതിനും കൃഷിക്കും, ബെനിഫിഷ്യൽ എൻജോയ്മെന്റിനും വേണ്ടി പതിച്ചു നൽകിയതും കൃഷിക്ക് ഉപയുക്തമല്ലാത്തതുമായ ഭൂമിയിൽ നിബന്ധനകൾക്ക് വിധേയമായി ക്വാറിയിംഗ് പ്രവർത്തനത്തിനു അനുമതി നൽകുന്നതിലേക്കായി 1964-ലെ കേരള ഭൂപതിവ് ചട്ടം വകുപ്പ് (4)-ൽ ഭേദഗതി വരുത്തുന്നത്.

286. **തീരുമാനം** : ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ വീണ്ടും മന്ത്രിസഭാ യോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.